Draft #2 of File 149210/AD A6-1/2022/AD A 6 Approved by ASSISTANT REGISTRAR I (ADMIN) on 24-Nov-2022 02:36 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 149210/AD A6-1/2022/എ ഡി എ 6 തീയതി: 24.11.2022

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- ഓ. പി. വിഭാഗം ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നത്- സ്പഷ്ടീകരണം- സംബന്ധിച്ച്

സൂചന :- 1. കേരള ഗവണ്മെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്,1960.
2. G. O. (P) 8/ 2017/ H&FWD, തീയതി. 10.02.2017
3. സർക്കുലർ നം. 34/ 2020/ ധന, തീയതി. 12.06.2020
4. സ. ഉ. (കൈ) നം. 122/ 2020/ ധന, തീയതി. 23.11.2020
5. ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിൽ നിന്നും 05.11.2022 തീയതിയായി ലഭിച്ച കത്ത്

2022 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള സർക്കാർ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ ഐ. പി. വിഭാഗം ചികിത്സകൾക്ക് മാത്രമേ പരിരക്ഷ ലഭിക്കുകയുള്ളു എന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഓ. പി. വിഭാഗം ചികിത്സകൾക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് രീതി തുടരുന്നതാണ്.

- ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള പ്രൈവറ്റ് ആശുപത്രികളിലെ എംപാനൽ ചെയ്തിട്ടുള്ള വകുപ്പുകളിലെ ഓ. പി. ചികിത്സകൾക്ക് തുടർന്നും മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതാണ്.
- ഐ. വി. എഫ്. ചികിത്സ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ചട്ടങ്ങൾക്കും ഇതുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഉത്തരവുകൾക്കും അനുസൃതമായി മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതാണ്.
- ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിലെ ഐ. പി. വിഭാഗം ചികിത്സാ ചെലവുകൾ, പ്രസ്തുത ആശുപത്രി മെഡിസെപ്പിൽ എംപാനൽ ചെയ്യുന്നത് വരെ, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യം വഴി പ്രതിപൂരണം ചെയ്യുന്നതാണ്.
- പ്രതിപൂരണത്തിനുള്ള അപേക്ഷകളിൽ നിർബന്ധമായും ആശുപത്രിയുടെ ഓഫീസ് സീലും, ഓ.പി. ടിക്കറ്റിന്റെ പകർപ്പും ഉൾപെടുത്തേണ്ടതാണ്.
- തുടർ ചികിത്സയിലുള്ളവർ ഓരോ മൂന്നുമാസം കൂടുമ്പോഴും അപേക്ഷ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം